# അസത്യം ലക്ഷ്യമാക്കിയ സത്യവചനം

**ഇമാം** അലി(റ)യും മുആവിയയും തമ്മിലുണ്ടായ അധികാരസംഘർഷത്തിൽ, ഇരുപക്ഷവും ഒത്തുതീർപ്പിന്റെ മാർഗമവലംബിക്കാൻ തുനിഞ്ഞപ്പോൾ, 'ഇനിൽ ഹുക്മു ഇല്ലാലില്ലാഹ്' (വിധികർതൃത്വം അല്ലാഹുവിനു മാത്രമുള്ളതാകുന്നു) എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് അലി(റ)യുടെ പക്ഷത്തുനിന്ന് ഒരുവിഭാഗം വിഘടിച്ചുപോവുകയുണ്ടായി. ഖവാരിജുകൾ എന്നാണ് ഇക്കൂട്ടർ ചരിത്രത്തിൽ അറിയപ്പെടുന്നത്. അവരുയർത്തിയ മുദ്രാവാക്യത്തെക്കുറിച്ച് ഇമാം അലി പറഞ്ഞത് 'കലിമതുഹഖിൻ ഉരീദ ബിഹിൽ ബാത്വിൽ' (അസത്യം ലക്ഷ്യമാക്കി പറയുന്ന സത്യവചനം) എന്നായിരുന്നു. 'വിധികർതൃത്വം അല്ലാഹുവിനു മാത്രമാകുന്നു' എന്നത് അനിഷേധ്യമായ ഖുർആനിക പ്രമാണമാണ്. പക്ഷേ, തർക്കങ്ങളിലും സംഘർഷങ്ങളിലും ഒത്തുതീർപ്പാണ് കരണീയം -വസ്സുൽഹു ഖൈറുൻ- എന്ന ഖുർആനികപ്രമാണത്തെ നിഷേധിക്കാനാണ് ഖവാരിജുകൾ അതുയർത്തുന്നത് എന്നായിരിക്കണം അലി(റ) ഉദ്ദേശിച്ചത്.

ഐ.ഐ.എം, ഐ.ഐ.ടി, കേന്ദ്ര സർവകലാശാലകൾ തുടങ്ങിയ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 27 ശതമാനം സീറ്റുകൾ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ചെയ്തുകൊണ്ട് പാർലമെന്റ് ഏകകണ്ഠമായി പാസ്സാക്കിയ നിയമത്തിനെതിരെ രൂപംകൊണ്ട സംവരണവിരുദ്ധ സമരപ്രസ്ഥാനത്തിന്റെ പേര് 'യൂത്ത് ഫോർ ഈക്വാലിറ്റി' (സമത്വത്തിനുവേണ്ടി യുവത) എന്നാണ്. ഖവാരിജുകൾക്ക് അവരുടെ മുദ്രാവാക്യത്തിൽ സ്വാർഥലക്ഷ്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. അപക്വമായ ആദർശബോധത്താൽ വഞ്ചിതരായ തീവ്രവാദികളായിരുന്നു അവർ. എന്നാൽ സംവരണവിരുദ്ധ സമരക്കാർക്ക് അവരുടെ മുദ്രാവാക്യത്തിൽ സ്വാർഥം മാത്രമേയുള്ളൂ. ഇതാണ് അവർ തമ്മിലുള്ള വ്യത്യാസം.

അറിവിന്റെയും അധികാരത്തിന്റെയും പ്രതാപത്തിന്റെയും മണ്ഡലങ്ങളിൽ, ജനസംഖ്യയുടെ 15 ശതമാനം വരുന്ന മേൽജാതിക്കാർ മാത്രം വിലസുകയും 85 ശതമാനം വരുന്ന മഹാഭൂരിപക്ഷ വിഭാഗങ്ങൾ അതിൽനിന്നെല്ലാം അകറ്റപ്പെട്ട് അധഃസ്ഥിതരും അവശരുമായി കഴിയുകയും ചെയ്യുന്ന ദുരവസ്ഥക്കു മാറ്റം വരുത്താനുള്ള ക്രിയാത്മകമായ നടപടിയാണ് പിന്നാക്കക്കാർക്ക് വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലുമുള്ള സംവരണം. അതിനെതിരെ, നൂറ്റാണ്ടുകളായി നിലനിൽക്കുന്ന അസമത്വവും ഉച്ചനീചത്വവും അഭംഗുരം നിലനിർത്താൻ പോരാടുന്ന പ്രസ്ഥാനത്തിന്റെ പേര് 'സമത്വത്തിനുവേണ്ടി യുവത!!' "മഹാഭൂരിപക്ഷത്തിന്റെ മേൽ ചെറു ന്യൂനപക്ഷത്തിന്റെ യജമാനത്തവും അധികാരവും ഉറപ്പിക്കാൻ പണ്ടുകാലത്ത് ആയുധമാക്കിയിരുന്നത് വേദതത്ത്വങ്ങളെയായിരുന്നു. വേദശാസനകളായിരുന്നു ചാതുർവണ്യവും ജാതീയതയും അയിത്തവുമൊക്കെ. ഇന്നത്തെ ആയുധം ഭരണഘടനയും ജനാധിപത്യതത്ത്വങ്ങളുമാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന സമത്വത്തിന്റെ നിഷേധമാണ് സംവരണം. ഇത് ജാതിവ്യവസ്ഥയെ പ്രോത്സാഹിപ്പിക്കും. ജാതിയുടെ അടിസ്ഥാനം മതമാണ്. ജാതിയെ ആധാരമാക്കുന്ന സംവരണം സെക്യുലർ ജനാധിപത്യതത്ത്വങ്ങൾക്കും വിരുദ്ധമാണ്. ഇതിനൊക്കെ പുറമെ സംവരണം മെറിറ്റിന്റെ നിഷേധമാകുന്നു. 'ഡെത്ത് ഓഫ് മെറിറ്റ്' (യോഗ്യതയുടെ മരണം) എന്നാണ് സംവരണത്തിന് നൽകപ്പെടുന്ന വിശേഷണം. അത്യുന്നത കലാക്ഷേത്രങ്ങളിൽ സംവരണത്തിലൂടെ നീച ജാതികൾ പ്രവേശിച്ചു തുടങ്ങിയാൽ രാജ്യത്തിന്റെ ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക മേഖലകൾ മുരടിച്ചുപോകും. യോഗ്യരായ വ്യവസായികളും ബിസിനസ്സുകാരുമില്ലാതെ സാമ്പത്തികവളർച്ച നിലക്കും. പ്രാപ്തരായ ഉദ്യോഗസ്ഥരില്ലാതെ ഭരണയന്ത്രം താറുമാറാകും." അങ്ങനെ പോകുന്നു സംവരണം സൃഷ്ടിക്കുന്ന മഹാ വിപത്തുകളുടെ പട്ടിക!

സംവരണവിരുദ്ധരുടെ വായ്ത്താരി കേട്ടാൽ തോന്നും, സംവരണമെന്നാൽ അക്ഷരജ്ഞാനമില്ലാത്തവർക്ക് ഐ.ഐ.എമ്മുകളിലും ഐ.ഐ.ടികളിലും എൻ.ഐ.ടികളിലും പ്രവേശനം നൽകുകയാണതെന്ന്. അടിസ്ഥാനയോഗ്യതയുള്ളവരെ പ്രവേശന പരീക്ഷക്ക് വിധേയരാക്കി അതിൽ യോഗ്യരെന്ന് കാണുന്നവർക്ക് തന്നെയാണ് സംവരണാടിസ്ഥാനത്തിലും ഉന്നത വിദ്യാലയങ്ങളിൽ പ്രവേശനം നൽകുന്നത്. റാങ്ക്ലിസ്റ്റിന്റെ ക്രമത്തിൽ മാത്രമേ 27 ശതമാനം വ്യത്യാസം വരുത്തുന്നുള്ളൂ. ഇനി ഇവരീ കൊട്ടിഘോഷിക്കുന്ന യോഗ്യതയുടെ കാര്യം: ലോകത്തിലെ ഏറ്റവും മികച്ച 500 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു പട്ടിക ഈയിടെ ഒരു പഠനസംഘം തയാറാക്കുകയുണ്ടായി. അതിൽ ഇന്ത്യയിലെ ഐ.ഐ.എമ്മിന് 260-ാം സ്ഥാനമാണുള്ളത്. ഖോരക്പൂർ, ദൽഹി ഐ.ഐ.ടികൾക്ക് യഥാക്രമം 459-ഉം 460-ഉം സ്ഥാനങ്ങൾ. കാൺപൂർ, മുംബൈ, ചെന്നൈ ഐ.ഐ.ടികളുൾപ്പെടെ മറ്റൊരിന്ത്യൻ സ്ഥാപനത്തിന്റെയും പേര് പട്ടികയിലില്ല. ഈ സ്ഥാപനങ്ങളിലൊന്നും ഇതുവരെ സംവരണമുണ്ടായിട്ടില്ലെന്നോർക്കണം. ലിംഗപരിശോധന നടത്തി പെൺഭ്രൂണങ്ങൾ നശിപ്പിച്ചുകൊടുക്കുകയും വൃക്കകൾ മോഷ്ടിച്ചു വിൽക്കുകയുമൊക്കെ ചെയ്യുന്ന ഭിഷഗ്വരന്മാരിൽ, സംവരണക്കാർക്ക് പ്രവേശനമില്ലാത്ത കലാലയങ്ങളിൽനിന്ന് പഠിച്ചിറങ്ങുന്നവർ കുറവല്ല എന്ന കാര്യവും ശ്രദ്ധേയമാകുന്നു. ബോഫോഴ്സ് മുതൽ 'തെഹൽക' വെളിപ്പെടുത്തിയ സംഭവങ്ങളിലും അടുത്തിടെ കോളിളക്കം സൃഷ്ടിച്ച നാവികരഹസ്യങ്ങളുടെ കച്ചവടത്തിലുമെല്ലാം വരേണ്യ വിദ്യാഭ്യാസം ലഭിച്ച മേൽജാതിക്കാർ തന്നെയായിരുന്നു മുന്നിൽ.

സംവരണം പോലെ സവർണമേധാവിത്വത്തെ പ്രയാസപ്പെടുത്തുന്ന പ്രശ്നങ്ങളുയർന്നുവരുമ്പോൾ മുസ്‌ലിം വിരുദ്ധ വികാരമുണർത്തി അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചതാണ് ഹിന്ദുത്വത്തിന്റെ പൂർവകാല ചരിത്രം. മണ്ഡൽ വിരുദ്ധ പ്രക്ഷോഭങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അതു വ്യക്തമാകും. ഈ സാഹചര്യത്തിൽ മുസ്‌ലിം സമുദായവും അതിന്റെ നേതൃത്വവും സ്ഥിതിഗതികൾ ജാഗ്രതയോടെ വീക്ഷിക്കുകയും യുക്തിപൂർണമായ പ്രവർത്തന തന്ത്രങ്ങളാവിഷ്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പഴയ ചരിത്രം ഇനിയും ആവർത്തിക്കാനനുവദിച്ചുകൂടാ. സംവരണം സംബന്ധിച്ച് നടന്നുവരുന്ന ചർച്ചകളിൽ ചിലർ, തന്ത്രശാലികളായ രാഷ്ട്രീയ നേതാക്കളുടെ ഉപകരണങ്ങളായിപ്പോകുന്നുണ്ട്. മുന്നണിയുണ്ടാക്കി സംവരണമെന്ന മനപ്പായസം വിളമ്പുന്ന തിരക്കിലാണവർ. കേന്ദ്ര സംവരണത്തിന്റെ ഒരു നൂലിഴപോലും ഇതുവരെ മുസ്‌ലിം സമുദായത്തിന് കിട്ടിയിട്ടില്ലെങ്കിലും അതിന്റെ പേരിലുള്ള പിടിവലികൾ സമുദായത്തിൽ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. സമുദായത്തിന്റെ ഐക്യം ബലി കൊടുത്തുകൊണ്ടാർജിക്കുന്ന ലാഭങ്ങളൊക്കെ ഒടുവിൽ നഷ്ടമായേ തീരൂ. എന്നാൽ ഐക്യത്തിന്റെ പേരിൽ അധഃസ്ഥിതിയും അവശതയും നിലനിർത്തപ്പെടാനും പാടില്ല. ന്യായമായ അവകാശങ്ങൾക്കും നീതിക്കും മുമ്പിൽ തടസ്സം സൃഷ്ടിക്കാനുള്ളതല്ല ഐക്യം. പ്രത്യുത, നീതിയും അവകാശങ്ങളും ഉറപ്പുവരുത്താനുള്ളതാണ്.